കേരള പോലീസ്
KERALA POLICE

# ബൈക്ക് മോഷ്ടാവ് പിടിയിൽ



21.02.19 തീയതി രാവിലെ നീണ്ടൂർ SNDP ഭാഗത്തു നിന്നും മോഷണം പോയ ബൈക്ക് വൈകിട്ട് 7. 30 മണിയോടെ വൈക്കം എസ് ഐ ഷാജഹാനും സംഘവും നടത്തിയ വാഹന പരിശോധനക്കിടയിൽ പിടികൂടി. ഓണംതുരുത്ത് തലക്കമാറ്റോം സോയാൻ മകൻ ജെറി(23)യാണ് ബൈക്ക് മോഷണത്തിൽ പിടിയിലായത്.

വാഹന പരിശോധനക്കിടയിൽ നമ്പർ ഇല്ലാത്ത ബൈക്ക് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് റൈഡറെ സ്റ്റേഷനിൽ കൊണ്ടു വന്നു പരിശോധിച്ചതിൽ ടി ബൈക്ക് ഏറ്റുമാനൂർ പരിധിയിൽ നിന്നും വെള്ളിയാഴ്ച്ച മോഷണം പോയതാണെന്ന് വെളിവായിട്ടുള്ളതും. അന്വേഷണത്തിൽ ഓണംതുരുത്ത് സ്വദേശി നന്ദു കൃഷ്ണന്റേതാണ് ബൈക്ക് എന്ന് കണ്ടെത്തുകയായിരുന്നു.

പിടിയിലായ ജെറി മുൻപ് കൊലപാതകശ്രമ കേസിലും NDPS കേസിലും ശിക്ഷ അനുഭവിച്ചിട്ടുള്ളതാണ്.

*ജില്ലാ പോലീസ്, കോട്ടയം*